പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2480 12.02. 2020 ൽ മറുപടിക്ക്

# അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) നിയമനം

ചോദ്യം

ശ്രീ. അനിൽ അക്കര

മറുപടി

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 29/12/2019 – ൽ അവസാനിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും 40% ഓപ്പൺ ക്വാട്ടയിൽ 221 പേർക്കും, 10% ഇൻസർവ്വീസ് ക്വാട്ടയിൽ 82 പേർക്കും നിയമനം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയാമോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2019 ഡിസംബർ 29-ാം തീയതി അവസാനിച്ചു. |
| (സി) ട്രാൻസ്മിഷൻ സബ് സ്റ്റേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) കെ.എസ്.ഇ.ബി.യിൽ നിലനിൽക്കുന്നതായി ആക്ഷേപിക്കപ്പെടുന്ന നിയമന നിരോധനം പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമായിട്ടുണ്ടോ;<br><br>(ഇ) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി), (ഡി) & (ഇ) കെ.എസ്.ഇ.ബി.എൽ-ൽ ട്രാൻസ്മിഷൻ മേഖല ഉൾപ്പെടെ കെ.പി.എസ്.സി വഴി നിയമിക്കേണ്ട അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ അനുവദനീയമായ തസ്തികകൾ ആകെ തസ്തികകളുടെ 50% ആണ്. ഇതിൽ വന്നിട്ടുള്ള എല്ലാ ഒഴിവുകളും കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40% ക്വാട്ടയിലേയും 10% ക്വാട്ടയിലേയും ഒഴിവുകളാണ് കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ടി ഒഴിവുകൾ കൃത്യസമയത്ത് കാലവിളംബം കൂടാതെ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുംമുമ്പ് തന്നെ കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ